LIBRARY ARCHIVES Kerala Legislative Assembly

വനിതാ തടവുകാർ

262(3084) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ ജയിലുകളിലായി, ശിക്ഷിക്കപ്പെട്ട എത്ര വനിതകളെ പാർപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; ജയിലുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

55 വനിതാ തടവുകാർ, ജയിൽ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

വനിതാ ജയിൽ, കണ്ണൂർ	-	15
വനിതാ ജയിൽ, വിയ്യൂർ	-	15
വനിതാ ജയിൽ, തിരുവനന്തപുരം	-	14
വനിതാ ഓപ്പൺ ജയിൽ, തിരുവനന്തപുരം	-	11
		55

വിചാരണത്തടവുകാരുടെ കേസ്സുകൾ

263(3085) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിചാരണത്തടവുകാരുടെ കേസ്സുകൾ വേഗത്തിൽ പൂർത്തിയാക്കുന്നതു സംബന്ധിച്ച തീരുമാനം വ്യക്തമാക്കുമോ ;

(സി) വിചാരണ തടവുകാരിൽ നിരപരാധികളെന്ന് കണ്ടെത്തുന്നവരുടെ ഭാവി സുരക്ഷിതമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആറുമാസത്തിലേറെയായി ജയിലുകളിൽകഴിയുന്ന വിചാരണ തടവുകാരുടെ കേസ്സുകൾ റിവ്യുചെയ്ത് വേഗത്തിൽ തീർപ്പാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി മൂന്ന് മാസം കൂടുമ്പോൾ കൂടാറുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയിലുള്ള ഡബ്ല്യു.പി.(ക്രിമിനൽ) 310/2005 എന്ന റിട്ട് ഹർജിയിന്മേൽ ബഹുമാനപ്പെട്ട കോടതി, മജിസ്ട്രേറ്റ്/ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്/സെഷൻസ് ജഡ്ജ് എന്നിവർ എല്ലാ ജയിലുകളിലും സിറ്റിംഗ് നടത്തി സെക്ഷൻ 436 Cr.P.C.-യുടെ പരിധിയിൽ വരുന്ന ആരോപിക്കപ്പെട്ടകുറ്റത്തിന് നൽകാവുന്ന ശിക്ഷയുടെ പകുതികാലം പിന്നിട്ട വിചാരണ തടവുകാർ ഉണ്ടോ എന്ന് പരിശോധിച്ച് അത്തരക്കാരെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് മജിസ്ട്രേറ്റുമാർ ജയിലുകളിൽ പ്രത്യേക സിറ്റിംഗ് നടത്തിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ വിചാരണ തടവുകാർ അനന്തമായി ജയിലുകളിൽ കഴിയുന്ന സാഹചര്യം ഒഴിവാകുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

വനംവകുപ്പിലെ താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

264(3086) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ജോലിചെയ്തു വന്നിരുന്ന താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അർഹതപ്പെട്ട മറ്റേതെങ്കിലും ജീവനക്കാർക്ക് ജോലി ലഭിച്ചില്ല എന്ന പരാതി ഉയർന്നിട്ടുണ്ടോ ;

(ബി) സ്ഥിരപ്പെടുത്തിയ താല്കാലിക ജീവനക്കാർക്ക് വനംവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിതയോഗ്യത ഇല്ല എന്ന പരാതി ആർക്കെങ്കിലും എതിരെ ഉയർന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിൽ എന്ത നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ;